# 52. അസമിൽ യുവജനഭരണം

ഗവണ്മെൻറിനെതിരായ ഒരു ജനകീയ—നിസ്സഹകരണസമരം അസം സംസ്ഥാനത്തിൽ 1979 ജൂൺ 8 മുതൽ നടന്നുവരികയായിരുന്നു. ഈ നിസ്സഹകരണത്തെ അവഗണിച്ച് 1983—ൽ നടത്തിയ തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന, ഹിതേശ്വർ സൈക്കിയയുടെ നേതൃത്വത്തിലുള്ള, കോൺഗ്രസ് മന്ത്രിസഭ ഭരിച്ചുകൊണ്ടിരിക്കെ ആണ്, 1985 ആഗസ്റ്റ് 15—ാം തീയതി, അസം സമരനേതാക്കളുമായി പ്രധാനമന്ത്രി രാജീവ് ഗാന്ധി ഒരു ഒത്തുതീർപ്പുണ്ടാക്കിയതു്. ഈ ഒത്തുതീർപ്പനുസരിച്ച് അസം നിയമസഭ പിരിച്ചുവിടുകയും സംസ്ഥാനനിയമസഭയിലേക്കും പാർലമെൻറിലേക്കും ഉള്ള തെരഞ്ഞെടുപ്പുകൾ 1985 ഡിസംബർ 16—ാം തീയതി നടത്തുകയു ചെയ്തു. അസംപ്രക്ഷോഭത്തിനു നേതൃത്വം നൽകിയിരുന്ന അഖില അസം വിദ്യാർത്ഥി യൂണിയൻ (എ. എ. എസ്. യു.) അഖില അസം ഗണസംഗ്രാമ പരിഷത്ത് (എ എ. ജി. എസ്. പി) എന്നീ അരാഷ്ട്രീയസംഘടനകളും പൂർബാഞ്ചലീയ ലോകപരിഷത്ത് എന്നീ രാഷ്ട്രീയസംഘടനയും സംയോജിച്ച് അസം ഗണ പരിഷത്ത് (എ. ജി. പി.) എന്ന പേരിൽ ഒരു രാഷ്ട്രീയസംഘടന രൂപവല്ക്കരിച്ച് ഈ തെരഞ്ഞെടുപ്പിൽ മത്സരിച്ചു. ആന ആയിരുന്നു ഗണപരിഷത്തിൻെറ തെരഞ്ഞെടുപ്പുചിഹ്നം. 'കാട്ടാനയെ (കോൺഗ്രസ്സിനെ) മെരുക്കണമെങ്കിൽ നാം ഒരു താപ്പാനപ്പുറത്തു കയറണം' എന്നാണ് ഈ ചിഹ്നം തെരഞ്ഞെടുത്തതിൻെറ ഔചിത്യത്തെ അസം വിദ്യാർത്ഥി യൂണിയൻ നേതാവായ പ്രഫുല്ലകുമാർ മഹന്ത വിശദീകരിച്ചതു്. തെരഞ്ഞെടുപ്പിൽ 'താപ്പാന' ജയിച്ചു. സ്റ്റേററ് നിയമസഭയിലെ നൂററിയിരുപത്താറു സ്ഥാനങ്ങളിൽ അറുപത്തിനാലും പാർലമെൻറിലെ പതിന്നാലു സ്ഥാനങ്ങളിൽ ഏഴും നേടാൻ ഗണപരിഷത്തിനു കഴിഞ്ഞു. പാർട്ടി രൂപവത്കരിച്ച് അറുപത്തേഴാം ദിവസമായിരുന്നു അസം ഗണപരിഷത്തു് ഈ ഗംഭീരവിജയം നേടിയതു് തെരഞ്ഞെടുപ്പിൽ ഓരോ സ്ഥാനാർത്ഥിക്കും ചെലവിനു് അയ്യായിരം രൂപയും സംഭാവന പിരിക്കാൻ ഓരോ രശീതി പുസ്തകവും മാത്രമേ തങ്ങൾ കൊടുത്തുള്ളു എന്നാണ് ഗണപരിഷത്തിൻെറ നേതാക്കൾ പറയുന്നതു്. സ്ഥാനാർത്ഥികളിൽ പലരും അപ്രസിദ്ധരായിരുന്നു. അവരുടെ ശരാശരി പ്രായം മുപ്പതു വയസ്സിനടുത്തായിരുന്നു. സ്ഥാനാർത്ഥിയുടെ പേരിലല്ല, 'ആന'യുടെ പേരിലാണ് മിക്ക സ്ഥലങ്ങളിലും തെരഞ്ഞെടുപ്പു പ്രചാരവേല നടന്നതു്. പ്രചാരവേല നടത്തിയതു്, മിക്കവാറും, വിദ്യാർത്ഥികൾ ആയിരുന്നു അന്താരാഷ്ട്രീയ യുവജന വർഷമായിരുന്നുവല്ലോ 1985. ഈ വർഷത്തിൽ ഇന്ത്യയിലെ യുവജനങ്ങളുടെ ഏററവും വലിയ നേട്ടം അസമിൽ അവർക്കു കൈവന്ന തെരഞ്ഞെടുപ്പുവിജയമാണെന്നു പറയാം. അസം ഗണപരിഷത്തിൻെറ നിയമസഭാംഗങ്ങളിൽ അമ്പത്തിരണ്ടു പേർ അവിവാഹിതരാണ്. തെരഞ്ഞെടുപ്പിനുശേഷം അസം ഗണപരിഷത്ത് രൂപവത്കരിച്ച മന്ത്രിസഭയിൽ, മുഖ്യമന്ത്രി പ്രഫുല്ലകുമാർ മഹന്തയടക്കം പതിന്നാലു് അവിവാഹിതരുണ്ടു്.

അസം തെരഞ്ഞെടുപ്പിൽ, സംസ്ഥാനനിയമസഭയിലേക്ക് ഇരുപത്തഞ്ചും പാർലമെൻറിലേക്ക് നാലും സ്ഥാനങ്ങൾമാത്രമേ ഭരണകക്ഷിയായിരുന്ന കോൺഗ്രസ്സിനു ലഭിച്ചുള്ളു. പഞ്ചാബിലെന്നപോലെ അസമിൽ ഒരു പരാജയത്തിനു കോൺഗ്രസ് തയ്യാറായിരുന്നില്ല. അമിതാഭ്ബച്ചൻ

അടക്കം നൂറിലേറെ പാർലമെൻറംഗങ്ങളും പതിനാറു കേന്ദ്രമന്ത്രിമാരും നാലു മുഖ്യമന്ത്രിമാരും അസമിൽ കോൺഗ്രസ്സിനുവേണ്ടി തെരഞ്ഞെടുപ്പു പ്രചാരവേല നടത്തി. പണവും, പതിവുപോലെ, ഒരുപാട് അവർ ചെലവഴിച്ചിരിക്കണം. എന്നിട്ടും കോൺഗ്രസ് അമ്പേ തറപററിയെങ്കിൽ, അതിനുള്ള മുഖ്യകാരണം, ബംഗ്ലാദേശിൽനിന്ന് അസമിലേക്കുള്ള അനധികൃതമായ കുടിയേററം തടയുന്നതിൽ കേന്ദ്രഗവണ്മെൻറിന് ഇന്നോളം ഉണ്ടായിട്ടുള്ള പരാജയത്തിൽ അസംനിവാസികൾക്കുള്ള, തികച്ചും ന്യായമായ രോഷമാണ്.

കോൺഗ്രസ്സിനു സ്ഥിരമായി പിന്തുണ നൽകിവന്ന മുസ്ലീങ്ങൾ സംയുക്ത–ന്യൂനപക്ഷമുന്നണി (യുണൈററഡ് മൈനോറിററീസ് ഫ്രണ്ട് യു. എം. എഫ്.) എന്ന പേരിൽ വേറെ സംഘടിച്ച് ഗണപരിഷത്തിനും കോൺഗ്രസ്സിനും എതിരെ തെരഞ്ഞെടുപ്പുരംഗത്തിറങ്ങിയതാണ് കോൺഗ്രസ്സിൻെറ തകർച്ചയ്ക്കുള്ള രണ്ടാമത്തെ കാരണം. നിയമസഭയിൽ പതിനേഴ് സീററുകളും പാർലമെൻറിൽ ഒരു സീററും നേടാനേ ന്യൂനപക്ഷമുന്നണിക്കു കഴിഞ്ഞുള്ളു. എന്നാൽ, കോൺഗ്രസ്സിനു കിട്ടുമായിരുന്ന ഇരുപത്തൊമ്പതു നിയമസഭാസീററുകളും ഒരു പാർലമെൻറ് സീററും ന്യൂനപക്ഷമുന്നണിമൂലം നഷ്ടപ്പെട്ടിട്ടുള്ളതായി നിരീക്ഷകർ പറയുന്നു.

ഭാഷാടിസ്ഥാനത്തിൽ രൂപവത്കരിച്ചതെങ്കിലും, കേരളംപോലെയോ തമിഴ്നാടുപോലെയോ ഒരൊററ ഭാഷ സംസാരിക്കുന്നവർക്ക് ബഹുഭൂരിപക്ഷമുള്ള സംസ്ഥാനമല്ല അസം. ബ്രഹ്മപുത്രനദിയുടെ താഴ്വരയിലുള്ള പതിമ്മൂന്നു ജില്ലകളിലാണ് അസംഭാഷ സംസാരിക്കുന്നവർക്ക് ഭൂരിപക്ഷമുള്ളത്. മററു ജില്ലകളിൽ, ജനസംഖ്യയിൽ വലിയ ഒരു ഭാഗം പല ഭാഷകൾ സംസാരിക്കുന്ന ഗോത്രവർഗക്കാരും, ബംഗാളി സംസാരിക്കുന്ന മുസ്ലീങ്ങളും ആകുന്നു. ബംഗ്ലാദേശിൽനിന്ന് 1971–നു ശേഷം അനധികൃതമായി അസമിൽ കുടിയേറിപ്പാർത്ത മുസ്ലീങ്ങളുടെ എണ്ണം എത്രയെന്നു തിട്ടമായി പറഞ്ഞുകൂടെങ്കിലും, അവർ മുപ്പതു ലക്ഷത്തിലധികമുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. (ആകെ ജനസംഖ്യ രണ്ടു കോടിയോളം) മററു ഭാഷകൾ സംസാരിക്കുന്നവർക്കു ഭൂരിപക്ഷമുള്ള മണിപ്പൂർ, മേഘാലയം, നാഗലാൻഡ്, ത്രിപുര, അരുണാചലപ്രദേശ് എന്നീ അതിർത്തിപ്രദേശങ്ങൾ മുറിച്ചു നീക്കിയതിനുശേഷം ബാക്കിയായ അസമിലെ സ്ഥിതിയാണിത്.

അനിയന്ത്രിതമായ കള്ളക്കുടിയേററത്തിൻെറ ഫലമായി തങ്ങളുടെ ഭൂമിയും, സ്വത്തും ന്യായമായി തങ്ങൾക്കു ലഭിക്കേണ്ട ജോലികളും മററുള്ളവർ കൈയടക്കുകയും, സ്വന്തം സംസ്ഥാനത്തിൽ തങ്ങൾ ന്യൂനപക്ഷമായി മാറുകയും ആണെന്ന ആശങ്ക അസമിയഭാഷ സംസാരിക്കുന്നവരിൽ, പ്രത്യേകിച്ച് ഹിന്ദുക്കളിൽ, വേരൂന്നിത്തുടങ്ങിയിട്ടു വളരെ ദശാബ്ദങ്ങളായി. 1950–60 കളിൽ അസമിയഭാഷയെ ഭരണഭാഷയാക്കുന്നതിനുവേണ്ടിയും 1970–കളിൽ അസമിയഭാഷയെ വിദ്യാഭ്യാസമാധ്യമമാക്കുന്നതിനുവേണ്ടിയും, സർവകലാശാല സ്ഥാപിക്കുക, എണ്ണസംസ്കരണശാല സ്ഥാപിക്കുക, റെയിൽവെ ഹെഡ് ക്വാർട്ടേഴ്സ് സ്ഥാപിക്കുക മുതലായ പല ആവശ്യങ്ങൾക്കായി പല കാലത്തും, അസമിൽ നടന്ന പ്രക്ഷോഭണങ്ങളുടെയെല്ലാം അടിയിലുണ്ടായിരുന്നതു് ഈ അഗാധമായ ആശങ്കയാണ്. വിദേശീയർക്ക് വോട്ടവകാശം നിഷേധിക്കാനും അവരെ പുറംതള്ളാനുംവേണ്ടി 1979–ൽ ആരംഭിച്ച പ്രസ്ഥാനത്തിനു വിദ്യാർത്ഥികൾ നേതൃത്വം നൽകിയതോടെ, അസമിയഭാഷ സംസാരിക്കുന്നവരുടെ ആവശ്യങ്ങൾ കുറെയൊക്കെ വകവെച്ചുകൊടുക്കാതെ അസമിൽ സമാധാനമുണ്ടാവുകയില്ലെന്നു വ്യക്തമായി. 1985 ആഗസ്റ്റ് 15–ലെ ഒത്തുതീർപ്പിനുണ്ടായ സാഹചര്യം ഇതാണ്.

1966 ജനുവരി 1 മുതൽ 1971 മാർച്ച് 24 വരെ അസമിൽ അനധികൃതമായി കുടിയേറിപ്പാർത്ത വിദേശീയരുടെ പേരുകൾ വോട്ടർപ്പട്ടികയിൽനിന്ന് പത്തു വർഷത്തേക്ക് നീക്കിനിർത്തുക. (ഇവർക്ക് അസമിൽ പാർക്കാം; പത്തു വർഷത്തിനുശേഷം വോട്ടുചെയ്യുകയുമാവാം).1971 മാർച്ച് 25 മുതൽ അനധികൃതമായി കുടിയേറിയ വിദേശീയരെ മുഴുവൻ അസമിൽനിന്നു പുറത്താക്കുക, ബാംഗ്ളാദേശ്–ഇന്ത്യാ അതിർത്തിയിൽ കള്ളക്കുടിയേറ്റം തടയാൻ കമ്പിവേലി കെട്ടുക, സർക്കാർ ഭൂമിയിലും ഗോത്രവർഗക്കാരുടെ ഭൂമിയിലും കൈയേററം തടയുക, വിദേശീയർക്ക് അസമിൽ ഭൂമി സമ്പാദിക്കുന്നതിന് ഇപ്പോഴുള്ള നിയമതടസ്സങ്ങൾ നടപ്പിൽ വരുത്തുക, അസമിയഭാഷയുടെയും പ്രാദേശികസംസ്കാരത്തിന്റെയും വളർച്ചയ്ക്കാവശ്യമായ നടപടികൾ കൈക്കൊള്ളുക, അസമിന്റെ സാമ്പത്തികവികസനം ത്വരിതമാക്കുക—1985 ആഗസ്റ്റ് 15–ലെ ഒത്തുതീർപ്പുവ്യവസ്ഥകളിൽ പ്രധാനപ്പെട്ടവ ഇതെല്ലാമാണ്.

ഈ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിൽ വരുത്തേണ്ട ചുമതല പുതിയ അസം ഗവണ്മെൻറിൽ വന്നുചേർന്നിരിക്കുന്നു. പക്ഷേ, കള്ളക്കുടിയേററക്കാരെ അസമിൽനിന്നു പുറത്താക്കുക ക്ഷിപ്രസാദ്ധ്യമല്ല. ബാംഗ്ളാദേശിൽനിന്ന് ഒരാളും അസമിലേക്കു കുടിയേറിയിട്ടില്ല. അതിനാൽ ആരെയും തിരിച്ചെടുക്കുന്ന പ്രശ്നവുമില്ല എന്നതാണ് ബാംഗ്ളാദേശ് സർക്കാരിന്റെ നില. വ്യവസ്ഥ പൂർണമായും നടപ്പിലാക്കണമെങ്കിൽ ചുരുങ്ങിയത് മുപ്പതുലക്ഷം ആളുകളെയെങ്കിലും അസമിൽനിന്നു പറഞ്ഞയയ്ക്കേണ്ടി വരുമത്രെ. ഇതെങ്ങനെ സാധിക്കാനാണ്.

ബാംഗ്ളാദേശ്–ഇന്ത്യാ അതിർത്തിയിൽ മുള്ളുവേലി കെട്ടുന്നതിന് ഇന്ത്യാഗവണ്മെൻറ് കൈക്കൊണ്ട നടപടികൾ, ബാംഗ്ളാദേശികളുടെ എതിർപ്പിനെ തുടർന്ന് നിർത്തിവെച്ചിരിക്കുകയാണ്. ഇതിന്റെ അർത്ഥം അതിർത്തിയിലൂടെ കള്ളക്കുടിയേററം തുടർന്നുകൊണ്ടിരിക്കുമെന്നാണ്. അതു തടയാൻ അസം ഗവണ്മെൻറിനു സാദ്ധ്യമാവുമോ?

1985 ആഗസ്റ്റ് 15–ലെ ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിലാക്കുന്നതു തടയുക എന്നതാണ് പുതുതായി രൂപംകൊണ്ട സംയുക്ത–ന്യൂനപക്ഷമുന്നണിയുടെ ഏക പരിപാടി. 'ഒത്തുതീർപ്പുവ്യവസ്ഥകൾ അധികാരം ഉപയോഗിച്ചു നടപ്പിൽ വരുത്താൻ ആരെയും ന്യൂപക്ഷങ്ങൾ അനുവദിക്കുകയില്ല ഒത്തുതീർപ്പിലെ ഓരോ വകുപ്പും വിഷം നിറഞ്ഞതാണ് മററു വിധത്തിൽ അധികാരത്തിൽ വരാൻ സാധ്യത ഇല്ലാതിരുന്ന ഒരു സംഘത്തെ അധികാരത്തിൽ പ്രതിഷ്ഠിക്കാൻ ഭരണഘടനയെ അട്ടിമറിച്ചതാണ്. ഒത്തുതീർപ്പിൽ നാം കാണുന്നതു'' എന്നു സംയുക്ത ന്യൂനപക്ഷമുന്നണിയുടെ പ്രസിഡണ്ട് ഗുലാം ഒസ്മാനി പ്രഖ്യാപിച്ചിട്ടുണ്ട്. ഒത്തുതീർപ്പുവ്യവസ്ഥകൾ നടപ്പിൽ വരുത്താൻ അസം ഗവണ്മെൻറ് ശ്രമിക്കുന്ന പക്ഷം, ന്യൂനപക്ഷങ്ങൾക്കു പ്രാബല്യമുള്ള ജില്ലകളിൽ ഭരണം അസാദ്ധ്യമാക്കിത്തീർക്കുമാറ് ഒരു പ്രസ്ഥാനം ന്യൂനപക്ഷമുന്നണി ആരംഭിക്കുമെന്നും ഒസ്മാനി വ്യക്തമാക്കിയിട്ടുണ്ട്. പക്ഷേ, ഈ പ്രസ്ഥാനം ഏതു തരത്തിലുള്ളതായിരിക്കുമെന്ന് ഇനിയും അറിവായിട്ടില്ല.

തെരഞ്ഞെടുപ്പു പ്രഖ്യാപിച്ചതിനുശേഷം നിലവിൽവന്ന സംയുക്ത–ന്യൂനപക്ഷമുന്നണിക്ക്, ന്യൂനപക്ഷസമുദായങ്ങളെ, പ്രത്യേകിച്ച് മുസ്ലീങ്ങളെ, രാഷ്ട്രീയമായി സംഘടിപ്പിക്കുവാൻ കഴിവുണ്ടെന്നു തെളിഞ്ഞിട്ടുണ്ട്. അസമിനെ സംബന്ധിച്ചിടത്തോളം അസ്വാസ്ഥ്യജനകമാണ് ഈ സംഭവവികാസം. പുതിയ അസം അസംബ്ലിയിൽ ഗണപരിഷത്തിന് കേവലഭൂരിപക്ഷമുള്ളതിനാൽ, കേരളത്തിലെ മുസ്ലീം ലീഗിനെന്നപോലെ, മന്ത്രിസഭ രൂപവത്ക്കരിക്കുന്നതിലോ തകർക്കുന്ന

തിലോ നിർണായകമായ പങ്കുവഹിക്കാൻ അസം ന്യൂനപക്ഷമുന്നണിക്ക് കഴിവില്ലായിരിക്കാം. അടുത്ത ഭാവിയിൽ അതിനുള്ള കഴിവ് ന്യൂന പക്ഷമുന്നണിക്ക് കൈവന്നിട്ടില്ലെങ്കിൽക്കൂടി ന്യൂനപക്ഷങ്ങളെ തികച്ചും സാമുദായികങ്ങളായ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വിജയകരമായി സംഘടിപ്പിക്കാനുള്ള കഴിവ് മുന്നണി തെളിയിച്ചിട്ടുണ്ട്. അവർ സംസാരിക്കുന്ന ഭാഷ ജനാധിപത്യത്തിന്റേതായാലും, പ്രശ്നങ്ങൾ സാമുദായികങ്ങളും മതപരങ്ങളുമാണ്. ഇതിനർത്ഥം, അസമിൽ ഏരേകീകൃതദേശീയസമൂഹം വളർന്നുവരുന്നതിനു പല പ്രതിബന്ധങ്ങളും ഉണ്ടെന്നാണ്.' (കെ. കെ. കടിയാൽ, ഫ്രണ്ട് ലൈൻ, ജനു. 10).

ന്യൂനപക്ഷമുന്നണിയുടെ പ്രസിഡണ്ട് ഗുലാം ഒസ്മാനി മുമ്പ് അസമിലെ കോൺഗ്രസ് മന്ത്രിസഭയിൽ മരാമത്തുമന്ത്രിയായിരുന്നു എന്ന വസ്തുതയും ശ്രദ്ധിക്കേണ്ടതാണ്. പ്രക്ഷോഭകാരികളുമായി ഒത്തുതീർപ്പുണ്ടാക്കിയതിലൂടെ പ്രധാനമന്ത്രി രാജീവ്ഗാന്ധി അസമിൽ കോൺഗ്രസ്സിനെ ആ സംഘടനയുടെ നൂറാം വർഷത്തിൽ നശിപ്പിക്കുകയാണു ചെയ്തതെന്നു് ഒസ്മാനി പ്രസ്താവിച്ചിട്ടുണ്ട്. അസമിൽ തെരഞ്ഞെടുപ്പു പ്രചാരവേല നടത്തുന്നതിനിടയിൽ, 1985 ആഗസ്റ്റ് 15–ലെ ഒത്തുതീപ്പ് ഒരിക്കലും നടപ്പിൽ വരാൻപോകുന്നില്ലാത്ത ഒരു കടലാസ്മാത്രമാണെന്നു്, കേന്ദ്രത്തിലെ പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മിനിസ്റ്ററായ ഘനിഖാൻചൗധുരി പ്രസ്താവിക്കുകയുണ്ടായി. ഒത്തുതീപ്പുവ്യവസ്ഥകളോട് അസമിലെ സാധാരണ കോൺഗ്രസുകാർക്കുള്ള മനോഭാവം ഇതാണെങ്കിൽ, അസമിലെ കുഴപ്പങ്ങൾ വദ്ധിക്കാനാണു വഴികാണുന്നതു്.

അഴിമതികൾ നീക്കി ഭരണം ശുദ്ധീകരിക്കുക, ഒത്തുതീപ്പുവ്യവസ്ഥകൾ നടപ്പിൽവരുത്തുക, വികസനം ത്വരിപ്പിക്കുക, സമ്പദ് വ്യവസ്ഥ ശക്തിപ്പെടുത്തുക എന്നിവയാണ് തന്റെ ഗവണ്മെന്റിന്റെ അടിയന്തിരലക്ഷ്യങ്ങൾ എന്നു് മുഖ്യമന്ത്രി പ്രഫുല്ലകുമാർ മഹന്ത പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു സാധാരണ സ്കൂൾമാസ്റ്ററുടെ മകനാണ്, 1954–ൽ പിറന്ന മഹന്ത. 1979–ൽ അഖില–അസം വിദ്യാർത്ഥിയൂണിയന്റെ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട മഹന്ത, പ്രക്ഷോഭണം നയിക്കുന്നതോടൊപ്പം ഗവുഹാട്ടി സർവ്വകലാശാലയിൽനിന്നു് സയൻസിലും നിയമത്തിലും ബിരുദപരീക്ഷകൾ പാസ്സായി; ഇപ്പോൾ എൽ. എൽ. എം. പരീക്ഷയ്ക്കു് തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ്.

'ദേശീയവീക്ഷണമുള്ള ഒരു പ്രാദേശികപാർട്ടിയാണ് അസം ഗണപരിഷത്ത്'' എന്നു് ശ്രീ മഹന്ത പ്രഖ്യാപിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പുപ്രചാരവേലയിൽ പഞ്ചാബിലെ മുഖ്യമന്ത്രി ബർണാലയുടെയും ആന്ധ്രപ്രദേശ് മുഖ്യമന്ത്രി രാമറാവുവിന്റെയും സഹായം മഹന്തയ്ക്കു ലഭിക്കുകയുണ്ടായി. തെലുഗുതൊഴിലാളികൾ ധാരാളമുള്ള ചായത്തോട്ടമേഖലകളിൽ രാമറാവുവിന്റെ സഹായം നിർണായകമായിരുന്നുതാനും. എങ്കിലും കേന്ദ്രഗവണ്മെന്റിനെതിരെ പോരാടാൻ മറ്റു പ്രാദേശിക പാർട്ടികളുമായി അസം ഗണപരിഷത്ത് കൂട്ടുചേരുമോയെന്നു് ഇനിയും വ്യക്തമായിട്ടില്ല.

അസമിന്റെ ഭരണം യുവജനങ്ങളുടെ കൈയിൽ എത്തിച്ചേർന്നിരിക്കുകയാണ്. യുവാക്കൾ, പ്രത്യേകിച്ചും വിദ്യാർത്ഥികൾ; സംഘടിച്ചു മുന്നേറുന്നപക്ഷം ഇന്ത്യൻ ജനാധിപത്യത്തിൽ ഒരു ശക്തിക്കും അവരെ തടയാനാവില്ലെന്നു് അസമിലെ യുവാക്കൾ തെളിയിച്ചിരിക്കുന്നു. തങ്ങൾക്കു കൈവന്ന അധികാരം ആത്മനിയന്ത്രണത്തോടെയും, രാഷ്ട്ര

ത്തിന്റെ മുഴുവൻ പുരോഗതിക്കുവേണ്ടിയും ഉപയോഗിക്കുവാനാവശ്യമായ വിവേകവും പക്വതയും യുവജനങ്ങൾക്ക് ഉണ്ടാകുമോ? ഒരു ഇന്ത്യൻ കാസ്ട്രോ ആയിത്തീരാൻ മഹന്തസ്സു കഴിയുമോ?

കാത്തിരുന്നു നമുക്ക് അതു കാണാം.

13 ജനവരി, 1986

# 53. ഉഡുപ്പി ധർമ്മാചാര്യസമ്മേളനം

ആചാരങ്ങൾ സംബന്ധിച്ചോ അടിസ്ഥാനസിദ്ധാന്തങ്ങൾ സംബന്ധിച്ചോ തങ്ങൾക്കിടയിൽ ഉയർന്നുവരുന്ന അഭിപ്രായവ്യത്യാസങ്ങൾ ചർച്ച ചെയ്ത് സർവ്വസമ്മതങ്ങളായ തീരുമാനങ്ങളിലെത്തുന്നതിനുവേണ്ടി മതനേതാക്കൾ സമ്മേളിക്കുന്ന സമ്പ്രദായം വളരെ പണ്ടുമുതൽ നിലവിലിരുന്നു. ബുദ്ധമതാചാര്യന്മാരുടെ ഇത്തരം സമ്മേളനങ്ങൾ 'സംഗീതികൾ' എന്നാണ് അറിയപ്പെട്ടിരുന്നത്. ബുദ്ധന്റെ മഹാപ്രസ്ഥാനത്തിനുശേഷം, അദ്ദേഹത്തിന്റെ ശിഷ്യപ്രമുഖനും ക്ഷുരകനുമായിരുന്ന ഉപാലിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ആദ്യത്തെ 'സംഗീതി'യാണ് ബുദ്ധോപദേശങ്ങൾ ഇദംപ്രഥമമായി ക്രോഡീകരിച്ചതെന്നു പറയപ്പെടുന്നു. കത്തോലിക്ക സിദ്ധാന്തങ്ങൾ കാലാനുസൃതമായി വ്യാഖ്യാനിക്കുന്നതിനു മാർപ്പാപ്പമാരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന സാർവ്വലൗകികസമ്മേളനങ്ങൾ അടുത്തകാലത്തു് നമുക്കു പരിചിതങ്ങളായിട്ടുണ്ട്. മററു മതക്കാർക്കിടയിലും ഇത്തരം നേതൃസമ്മേളനങ്ങൾ ഇടയ്ക്കിടെ നടക്കുക പതിവാണ്.

'വിശ്വഹിന്ദുപരിഷത്ത്' എന്ന സംഘടനയുടെ ആഹ്വാനമനുസരിച്ച് ഹിന്ദുമതാചാര്യന്മാരുടെ ഒരു സമ്മേളനം—'ധർമസംസത്ത്'—ഒന്നരവർഷം മുമ്പ് ദൽഹിയിലെ വിജ്ഞാനഭവനിൽ സമ്മേളിച്ചിരുന്നു. ഇതേ സംഘടന വിളിച്ചുകൂട്ടിയ രണ്ടാമത്തെ 'ധർമസംസത്ത്', ഇക്കഴിഞ്ഞ ഒക്ടോബർ 30, 31, നവംബർ 1 എന്നീ തീയതികളിൽ, മാധ്വമതകേന്ദ്രമായ കർണാടകസംസ്ഥാനത്തിലെ ഉഡുപ്പിയിലുള്ള സുപ്രസിദ്ധമായ ശ്രീകൃഷ്ണക്ഷേത്രത്തിൽ സമ്മേളിക്കുകയുണ്ടായി.

ഹിന്ദുമതത്തിനകത്തുള്ള നൂററഞ്ച് വ്യത്യസ്ത സമ്പ്രദായങ്ങളുടെ പ്രാതിനിധ്യം വഹിക്കുന്ന എണ്ണൂററമ്പതു് മതാചാര്യന്മാർ ഈ 'ധർമ്മസംസത്തി'ൽ സന്നിഹിതരായിരുന്നുവത്രേ.

'നാനാത്വത്തിലെ ഏകത്വം' ആണ് ഇന്ത്യയുടെ രാഷ്ട്രീയാദർശം എന്നു പറയാറുണ്ടല്ലോ. 'ഏകത്വത്തിലെ നാനാത്വം' ആണ് ഹിന്ദുമതത്തിന്റെ മുഖമുദ്ര എന്നു പറയുന്നതിൽ തെററില്ല. പരസ്പരവിരുദ്ധങ്ങളായ ആചാരങ്ങൾ അനുഷ്ഠിക്കുകയും വിശ്വാസങ്ങൾ പുലർത്തുകയുംചെയ്യുന്ന എത്രയോ മതസമ്പ്രദായങ്ങൾ ഹിന്ദുമതത്തിനകത്തു് സഹവർത്തിക്കുന്നുണ്ട്. അസംഭവ്യമെന്നു തോന്നാവുന്ന ഈ സഹവർത്തനത്തിന്റെ നീതീകരണം താഴെ ഉദ്ധരിക്കുന്ന സുപ്രസിദ്ധ പദ്യത്തിൽ അടങ്ങിയിരിക്കുന്നു:

ത്രയീ സാംഖ്യം യോഗഃ പശുപതിമതം വൈഷ്ണവമിതി
പ്രഭിന്നേ പ്രസ്ഥാനേ പരമിദ,മദഃ പഥ്യ മിതി ച
രുചീനാം വൈചിത്ര്യാ ദൃജുകുടില നാനാപഥ ജുഷാം
നൃണാ മേ കോ ഗമ്യസ്ത്വമസി പയസാ മർണ്ണവ ഇവ.